പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 355 — 13.12.2018 ൽ മറുപടിയ്ക്ക്

# സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം<br>**ശ്രീ. വി. ആർ. സുനിൽ കുമാർ**<br>**ശ്രീമതി ഇ. എസ്. ബിജിമോൾ**<br>**ശ്രീ. ജി. എസ്. ജയലാൽ**<br>**ശ്രീമതി ഗീതാ ഗോപി** | | മറുപടി<br>**പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കേരളാ സ്റ്റാർട്ടപ്പ് മിഷന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ കീഴിലുള്ള വ്യവസായ ഐ.ടി. പാർക്കുകളിൽ 50% സബ്സിഡി നിരക്കിൽ സ്ഥലം വാടകയ്ക്ക് നൽകുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. വാടകയുടെ അൻപത് ശതമാനമോ, ചതുശ്ര അടിക്ക് 20 രൂപ എന്ന നിരക്കിലോ സർക്കാർ ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന സ്കെയിലപ് സ്റ്റേജിലുള്ള സ്റ്റാർട്ടപ്പുകൾക്ക് സബ്സിഡിയായി തുക തിരികെ നൽകുന്ന പദ്ധതി നിലവിൽ ഉണ്ട്. 21.05.2018ലെ സ. ഉ. (സാധാ.) നം. 133/2018/വി.സ.വ നമ്പർ ഉത്തരവു പ്രകാരമാണ് പ്രസ്തുത പദ്ധതി നിലവിൽ വന്നത്. |
| (ബി) | സ്റ്റാർട്ടപ്പുകളുടെ സോഫ്റ്റ് വെയർ ഉൽപ്പന്നങ്ങളും സേവനങ്ങളും മൊബൈൽ ആപ്ലിക്കേഷനുകളും വിവിധ സർക്കാർ സ്ഥാപനങ്ങൾ നേരിട്ട് വാങ്ങുന്നതിനുള്ള പരിധി ഉയർത്തിയിട്ടുണ്ടോ; | (ബി) | സർക്കാർ വകുപ്പുകൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കും ടെണ്ടർ നടപടികൾ കൂടാതെ സ്റ്റാർട്ടപ്പുകളിൽ നിന്നും ഉത്പന്നങ്ങളും സേവനങ്ങളും നേരിട്ട് വാങ്ങുന്നതിനുള്ള പരിധി ഇരുപതു ലക്ഷമായി ഉയർത്തിയിട്ടുണ്ട്. |
| (സി) | സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റാർട്ടപ്പുകളുടെ ബാദ്ധ്യത കുറയ്ക്കുന്നതിനായി ജി.എസ്.ടി. ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | GST ഒഴിവാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരാണ് തീരുമാനമെടുക്കേണ്ടത്. ഇക്കാര്യത്തിൽ സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക ആനുകൂല്യം നിലവിൽ ലഭ്യമല്ല. |
| (ഡി) | കേരളാ സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനും സ്വീകരിക്കുന്ന മറ്റു നടപടികൾ വ്യക്തമാക്കുമോ; | (ഡി) | സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി യുവസംരഭകത്വ പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ രണ്ടു പദ്ധതികൾ കേരള സ്റ്റാർട്ടപ്പ് മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്തിന്റെ വികസനത്തിനും പുനർനിർമ്മാണത്തിനും പുതിയ ആശയങ്ങൾ സമർപ്പിക്കുന്നതിനും സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | സ്റ്റാർട്ടപ്പുകൾ, വിദ്യാർത്ഥികൾ എന്നിവരുടെ മികച്ച ആശയങ്ങൾ ആദ്യ മാതൃകയായി വികസിപ്പിക്കുന്നതിന് രണ്ടു ലക്ഷം രൂപ വരെയും, ആദ്യ മാതൃക ഉല്പന്നമായി വികസിപ്പിക്കുന്നതിന് ഏഴു ലക്ഷം രൂപ വരെയും, ഉത്പന്നം വിപണിയിൽ എത്തിക്കുന്നതിന് 12 ലക്ഷം രൂപ വരെയും ഗ്രാന്റ് ആയി നല്കുന്ന ഇന്നോവേഷൻ ഗ്രാന്റ് പദ്ധതി നിലവിലുണ്ട്. മാത്രമല്ല, സംസ്ഥാനത്തിന്റെ വികസനത്തിനും പുനർ നിർമാണത്തിനുമുള്ള ആശയങ്ങളും ഈ പദ്ധതിയിലൂടെ പ്രോത്സാഹിപ്പിച്ചു വരുന്നു. |

Saju

സെക്ഷൻ ഓഫീസർ